# <u>കോഴിക്കോട് ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായി ബേപ്പൂർ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്</u>



23.01.2021

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്, കണ്ണൂർ

# കോഴിക്കോട് ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായി ബേപ്പൂർ പാലം നിർമ്മാണം ഭൂമി ഏറ്റെടുക്കൽ – സാമൂഹ്യ ആഘാത പഠനം – അന്തിമ റിപ്പോർട്ട്

കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ഭാഗമായി ചാലിയാർ പുഴക്ക് കുറുകെ, ഫറോക്ക് കരുവന്തുരുത്തി റോഡിനെയും ബേപ്പൂർ ചെറുവണ്ണൂർ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന ബേപ്പൂർ പാലം നിർമ്മിക്കുന്നതിനും, അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുമായി, കരുവന്തുരുത്തി വില്ലേജിലെ റീ. സ 2/2, 2/3, 2/13, 9/1, 9/2, 9/4, 9/5, 9/11A, 9/11B, 11/2, 15/4, 15/5, 15/6, 15/7, 15/12 യിൽപെട്ട 0.552410 ഹെക്ടർ സ്ഥലവും ബേപ്പൂർ വില്ലേജിലെ റീ.സ 55/4C, 55/5B, 55/6B, 55/7, 55/12, 55/18, 57/1D/2, 57/7C, 58/3, 58/4, 58/5, 58/6, 58/7 യിൽപെട്ട 0.351122 ഹെക്ടർ ഭൂമിയടക്കം 0.903532 ഹെക്ടർ ഭൂമി 2013 ലെ RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി , സാമൂഹ്യആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട കയ്റോസ് കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

## ആമുഖം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് – കരുവന്തുരുത്തി റോഡിനെയും ബേപ്പൂർ – ചെറുവണ്ണൂർ റോഡിനെയും തമ്മിൽ, തീരദേശ ഹൈവേ നിർമ്മിക്കുന്നതിന് ഭാഗമായി ബന്ധിപ്പിക്കുന്നതിന്, ചാലിയാർ പുഴക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്നതാണ് ബേപ്പൂർ പാലം. ഈ പാലത്തിനു സമീപന റോഡ് നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഈ പ്രദേശത്തെ ജനങ്ങൾ പരസ്പരം ബന്ധപ്പെടാനും, കോഴിക്കോട് നഗരത്തിലേക്ക് പോകാനും മറ്റും ഉപയോഗിച്ചുവരുന്നത്, ഏറെ ഇടുങ്ങിയതും എല്ലായ്പോഴും ഗതാഗതകുരുക്കനുഭവപെടുന്നതുമായ ഫറോക്ക് പാലത്തിനെയാണ്. ഈ കുരുക്കിൽ ഹോമിക്കപ്പെടുന്ന സമയനഷ്ടം പരിഹരിക്കാനും, തീരദേശ ഹൈവേയുടെ തുടർച്ചയ്ക്കും മേൽസൂചിപ്പിച്ച രണ്ടു റോഡുകളെയും ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഈ പാലം നിർമിക്കപെടുകയാണെങ്കിൽ മടത്തിൽ പാടം, കടലുണ്ടിക്കടവ് എന്നിവിടത്തെ താമസക്കാർക്ക്, നേരിട്ട് കോഴിക്കോട് നഗരത്തിലെത്തിച്ചേരാനും, നിലവിൽ ഫറോക്ക് പാലത്തിൽ അനുഭവപ്പെടുന്ന ഗുരുതരമായ ഗതാഗതകുരുക്ക് ഒരു പരിധിവരെ ലഘൂകരിക്കാനും സാധിക്കുന്നു.കൂടാതെ വിനോദസഞ്ചാരികളുടെ പ്രധാന സന്ദർശന കേന്ദ്രങ്ങളായ കോഴിക്കോട് ബീച്ച്, സരോവരം ജൈവ പാർക്ക്, ബേപ്പൂർ തുറമുഖം എന്നിവയെയും എളുപ്പത്തിൽ ബന്ധിപ്പിക്കാൻ സാധിക്കുന്നു. പാലം നിർമ്മാണം പൂർത്തിയാകുന്നതോടെ തീരദേശ ഹൈവേ

യാഥാർത്ഥ്യമാകുകയും അതുവഴി നിലവിൽ സംസ്ഥാന, ദേശീയ പാതകളിൽ അനുഭവപ്പെടുന്ന പ്രയാസത്തെ ലഘൂകരിക്കാനും സാധിക്കും. ഇതുകൊണ്ടുതന്നെയാണ് തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തീരദേശ ഹൈവേ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി നിലവിലുള്ള റോഡുകളുടെ നവീകരണവും, പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും നടത്തേണ്ടിയിരിക്കുന്നു. പ്രത്യക്ഷമായി ലഭിക്കാവുന്ന മുകളിൽ പരാമർശിച്ച നേട്ടങ്ങളെക്കാൾ എത്രയോ അധികമായിരിക്കും പരോക്ഷമായി ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ.

## ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം

നിർദിഷ്ട തീരദേശ ഹൈവേയോട് അനുബന്ധിച്ചു, ചാലിയാർ പുഴക്ക് കുറുകെ ബേപ്പൂർ പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ചു സമീപന റോഡുകൾക്കായി ബേപ്പൂർ, കരുവന്തുരുത്തി വില്ലേജുകളിലെ വ്യത്യസ്ത സർവേനമ്പറുകളിൽ പെടുന്ന 0.903532 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ആയതു സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണം |
|---|---|---|---|
| 1. | കരുവന്തുരുത്തി | 2/2,2/3,2/13,9/1,9/2,9/4,9/5,9/11A, 9/11B,11/2,15/4,15/5,15/6,15/7,15/12 | 0.552410 ഹെക്ടർ |
| 2. | ബേപ്പൂർ | 55/4C,55/5B,55/6B,55/7,55/12,55/18, 57/1D/2,57/7C,58/3,58/4,58/5,58/6 | 0.351122 ഹെക്ടർ |
| ആകെ | | | **0.903532 ഹെക്ടർ** |



## പകരം ഭൂമി ലഭ്യത

കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ റോഡിൻറെ ഭാഗമായി ചാലിയാർ പുഴക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്നതാണ് ബേപ്പൂർ പാലം.ഇവിടെ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത് പാലത്തിനുള്ള സമീപന റോഡുകൾക്കുള്ള സ്ഥലമാണ്. ഈ സമീപന റോഡുകളുടെ ഒരു ഭാഗം കരുവന്തുരുത്തി വില്ലേജിൽപെടുന്നു.

ചാലിയം-കരുവന്തുരുത്തി റോഡിൽനിന്ന് യത്തീംഖാന റോഡിലൂടെ പെരുവൻമാടുമ്മൽ വഴി ചാലിയാർ പുഴയോരത്ത് എത്തിച്ചേരുന്നു.

അതുപോലെതന്നെ ബേപ്പൂർ വില്ലേജിൽ, ബേപ്പൂർ - ചെറുവണ്ണൂർ റോഡിൽനിന്ന്, കക്കാടത്ത് ഭഗവതി ക്ഷേത്രം റോഡിലൂടെ പുഴയുടെ മറുവശത്ത് എത്തിച്ചേരുന്നു. ഇതിൽ 90% സ്ഥലവും സ്വകാര്യവ്യക്തികളുടേതാണ്. കുറച്ചു വീടുകളും ചെറുകിട വ്യാപാരസ്ഥാപനങ്ങളും ഏറ്റെടുക്കപ്പെടാനുള്ള ഈ സ്ഥലത്ത് ഉൾപ്പെടും. എന്നാൽ ഏറെ പഠനങ്ങൾക്ക് ശേഷമാണ് ബേപ്പൂർ പാലം നിർമാണത്തിനായുള്ള സ്ഥലം ബന്ധപ്പെട്ട വിദഗ്ധർ കണ്ടെത്തിയിരിക്കുന്നത്. പാലം നിർമ്മിക്കപ്പെടുമ്പോൾ ആവശ്യമായ സമീപന റോഡുകൾക്കും സർവീസ് റോഡുകൾക്കും ഉചിതമായ സ്ഥാനത്തുതന്നെ സ്ഥലം കണ്ടെത്തിയിരിക്കുന്നു. അതിനാൽ തന്നെ ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് പകരമായി ഭൂമി ലഭ്യത എന്ന കാര്യം പരിഗണിക്കാൻ കഴിയുന്നതല്ല.

## ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?

കോഴിക്കോട് ജില്ലയിലെ നിർദിഷ്ട തീരദേശ ഹൈവേയുടെ തുടർച്ചക്കായി കരുവന്തുരുത്തി, ബേപ്പൂർ വില്ലേജുകളിലെ ചാലിയം- കരുവന്തുരുത്തി റോഡിനെയും, ബേപ്പൂർ ചെറുവണ്ണൂർ റോഡിനെയും ബന്ധിപ്പിക്കുന്ന രീതിയിൽ ചാലിയാർ പുഴക്ക് കുറുകെ ബേപ്പൂർ പാലത്തോടനുബന്ധിച്ച സമീപന റോഡ് നിർമ്മാണത്തിനാണ് മേൽ സൂചിപ്പിച്ച വില്ലേജുകളിലെ വ്യത്യസ്ത സർവേ നമ്പറുകളിലുള്ള 0.903532 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

ഇവിടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാധികാരി മാനേജിങ് ഡയറക്ടർ RBDCK ( Roads and Bridges Development Corporation of Kerala Ltd.) ആണ്. ഇത് കേരള സർക്കാരിന് കീഴിൽ 23.09.1999 നു രൂപീകൃതമായ ഒരു സ്വയംഭരണ സ്ഥാപനമാണ്. കേരളത്തിലുടനീളം റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഈ കോർപറേഷൻ ഇതേ ആവശ്യത്തിനായി പ്രവർത്തിക്കുന്ന സർക്കാർ വകുപ്പായ പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള ഒരു കമ്പനിയാണ്. മരാമത്ത് വകുപ്പ് മന്ത്രി ചെയർമാനും , ഒരു അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥൻ മാനേജിങ് ഡിറക്ടറുമായ ഈ സ്ഥാപനം അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഫണ്ട് സമാഹരിക്കുന്ന വായ്പയായിട്ടോ, ഷെയർ, ഡിബഞ്ചർ, ബോണ്ട്, സർക്കാർ ഗ്രാൻഡ് എന്നിവ വഴിയായിട്ടാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നേതൃത്വം നൽകുന്നത് ജില്ലാ കളക്ടറാണ്. ഈ പാലത്തിന്റെയും റോഡിന്റെയും ഗുണഭോക്താക്കൾ പൊതുജന സമൂഹമാണ്. അതിനാൽ ഈ ഭൂമി ഏറ്റെടുക്കൽ പൊതു ആവശ്യത്തിന് തന്നെയാണ് എന്നറിയിക്കുന്നു.

കരുവന്തുരുത്തി ബേപ്പൂർ എന്നീ പ്രദേശങ്ങളെ പ്രത്യേകമായെടുത്ത് നോക്കുകയാണെങ്കിൽ പഴയതും ഇടുങ്ങിയതും പലസമയങ്ങളിലായി ഗതാഗത

കുരുക്ക് അനുഭവപ്പെടുന്ന ഫറോക്ക് പാലം ഒഴിവാക്കി കോഴിക്കോട് നഗരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന മടത്തിൽപാടം, കടലുണ്ടിക്കടവ് എന്നീ പ്രദേശത്തുള്ളവർക്കും ഏറെ സൗകര്യപ്രദമാണിത്. കോഴിക്കോട് നഗരത്തെയും സഞ്ചാരികളുടെ പ്രധാന ആകർഷണകേന്ദ്രമായ കോഴിക്കോട് ബീച്ചിനെയും ബേപ്പൂർ തുറമുഖത്തെയും എളുപ്പത്തിൽ ബന്ധിപ്പിക്കാൻ സാധിക്കുന്നു.

## ഭൂമിയുടെ സ്വഭാവം

നിർദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമായി ചാലിയാർ പുഴക്ക് കുറുകെ ബേപ്പൂർ പാലം നിർമാണവുമായി ബന്ധപെട്ടു, പുഴയുടെ ഇരുവശത്തുമായി സമീപന റോഡുകൾ



നിർമ്മിക്കുന്നതിനായാണ് സ്ഥലം ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. കോഴിക്കോട് താലൂക്കിലെ കരുവന്തുരുത്തി വില്ലേജിലെ വിവിധ സർവേനമ്പറുകളിലെ 0.552410 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നത്. കരുവന്തുരുത്തി ഭാഗത്തു മുഴുവൻ സ്വകാര്യ വ്യക്തികളുടെ ഭൂമിയായാണ്. ഇതിൽ ചാലിയാർ പുഴയുടെ തെക്കു ഭാഗത്തായി മജ്മുൽ മുബാറക് മസ്ജിദ് മുതൽ ചാലിയാർ - കരുവന്തുരുത്തി റോഡ് വരെയുള്ള സ്ഥലമാണ്. രേഖകളിൽ നഞ്ചയാണെങ്കിലും ഇപ്പോൾ പറമ്പാണ്.

ബേപ്പൂർ വില്ലേജിലെ വിവിധ സർവേനമ്പറുകളിലെ 0.351122 ഹെക്ടർ ഭൂമിയുമടക്കം 0.903532 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇവിടെ, ബേപ്പൂർ മൃഗാശുപത്രിയുടെ ഭാഗമായിട്ടുള്ള സർക്കാർ ഭൂമിയും ഉൾപ്പെടുന്നുണ്ട്. ഈ ഭൂവിഭാഗം മുഴുവനായി തോട്ടം വിഭാഗത്തിൽപ്പെടുന്നു. അതുപോലെതന്നെ ചാലിയാറിന്റെ വടക്കു ഭാഗത്ത്, ബേപ്പൂർ ചെറുവണ്ണൂർ റോഡിൽനിന്ന് ആരംഭിച്ചു , കക്കാടത്ത് ഭഗവതി ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള പുഴയുടെ സമീപത്തേക്കു എത്തുന്ന സ്ഥലമാണ്. ഈ സ്ഥലങ്ങളും തോട്ടം വിഭാഗത്തിൽപെടുന്നവയാണ്. പൊതുവെ ഈ ഇരുഭാഗത്തും ജനങ്ങൾ താമസിക്കുന്ന വീടുകളും കടമുറികളും, ചെറിയതരത്തിലുള്ള വ്യവസായസ്ഥാപനങ്ങളും സ്വകാര്യബോട്ട് റിപ്പയർസും പെടുന്നുണ്ട്. വീട്ടുപറമ്പിനോട് ചേർന്ന് തെങ്ങുകളും മറ്റുമുണ്ട്.

**ഭൂമിയുടെ ഉടമസ്ഥർ**

| ക്രമ നമ്പർ | വില്ലേജ് | സർവ്വേ നമ്പർ | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|
| 1. | കരുവന്തുരുത്തി | 2/2,<br>2/3,<br>9/1,<br>9/2,<br>9/4,<br>9/5,<br>9/11A,<br>9/11B,<br>11/2,<br>15/4,<br>15/5,<br>15/6,<br>15/7,<br>15/12 | കെ.എം ഫൈസൽ<br>മുജീബ് . ടി<br>ജംഷീർ.പി<br>ആയിഷ ബീബി<br>അബ്ദുൽ ഗഫൂർ<br>ഉനൈസ്<br>മുഹമ്മദ്<br>ഇല്യാസ്<br>അബ്ദുല്ല<br>മൻസൂർ<br>ഫൈസൽ<br>നൈലു സാജിത്<br>റിജിത്ത് കെ.എം<br>ഹക്കീം<br>മുഹമ്മദ് കോയ<br>അഹമ്മദ് കോയ | 0.552410 |
| 2. | ബേപ്പൂർ | 55/4C,<br>55/5B,<br>55/6B,<br>55/7,<br>55/12,<br>55/18,<br>57/1D/2,<br>55/7C,<br>58/3,<br>58/4,<br>58/5,<br>58/6 | സുധീർ വെണ്ണക്കാട്ട്<br>ശശി<br>കൃഷ്ണ പ്രസാദ്<br>രമേശൻ<br>രഞ്ജിത്ത്<br>റീത്ത<br>ഗിരീഷ്<br>വാസുദേവൻ<br>മഹേഷ്<br>രാജേഷ്<br>ബൈജു<br>നിഷാന്ത്<br>നന്മുഖൻ<br>മധു<br>ഷീല | 0.35112H |

| | | | | |
|---|---|---|---|---|
| | | | ഹബീബുള്ള | |
| ആകെ | | | | **0.903532H** |

**കൃഷികൾ**

നിർദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമായി നിർമിക്കാനുദ്ദേശിക്കുന്ന, ചാലിയാർ പുഴക്കുകുറുകേയുള്ള ബേപ്പൂർ പാലത്തിന്റെ സമീപന റോഡുകൾക്കും സർവീസ് റോഡുകൾക്കുമായി കരുവന്തുരുത്തി, ബേപ്പൂർ എന്നീ വില്ലേജുകളിലെ 0.903532 ഹെക്ടർ സ്ഥലമാണല്ലോ ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്.

**കരുവന്തുരുത്തി ഭാഗം** - ചാലിയം കരുവന്തുരുത്തി റോഡിൽ അബ്ദുൽ ലത്തീഫിന്റെ കട മുതൽ പുഴക്കരയിലുള്ള മജ്ദുൽ മുബാറക് വരെ, ചെറിയ റോഡിൻറെ ഇരുവശത്തുമാണ് സ്ഥലങ്ങൾ ഉള്ളത്. ഇത് ഒരു കൃഷിഭൂമിയല്ല. ജനങ്ങൾ താമസിച്ചുവരുന്ന ഭൂമിയാണ്. 16 ഓളം വ്യക്തികളുടെ കൈവശമുള്ള ഈ പുരയിട മേഖലകളിൽ കായ്ഫലമുള്ള 34 തെങ്ങുകളും ചെറിയ 9 തെങ്ങുകളുമാണ് ഉള്ളത്. കൂടാതെ 7 മാവുകളും 3 കവുങ്ങുകളും ഒരു പടുമരവും ഉണ്ട്.

**ബേപ്പൂർ ഭാഗം** - ബി.സി.റോഡിൽനിന്ന്, പുഴക്കരവരെയുള്ള ചെറിയ റോഡിൻറെ ഇരുവശത്തുമായുള്ള സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇത് പൊതുവെ നോക്കുകയാണെങ്കിൽ കൃഷിഭൂമിയല്ല. വീടുകളും കച്ചവടസ്ഥാപനങ്ങളും ചെറിയ തരത്തിലുള്ള വ്യവസായനങ്ങളുമാണ് ഉള്ളത്. ഈ പുഴയോരത്തെ മത്സ്യ ബന്ധന ബോട്ടുകൾ അറ്റകുറ്റപ്പണിക്കായി കയറ്റുന്ന സ്ഥലമായതിനാൽ തന്നെ, അതിനെ ബന്ധപ്പെടുത്തിയുള്ള കച്ചവടവും, നിർമ്മാണശാലകളും പ്രവർത്തിക്കുന്നു. വിവിധ പറമ്പുകളിലായി 13 തെങ്ങുകളും ഒരു തേക്കും ഒരു മാവും മാത്രമാണുള്ളത്.

**സ്ഥാപനങ്ങൾ**

**കരുവന്തുരുത്തി ഭാഗം**- കരുവന്തുരുത്തി ഭാഗത്ത് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു സ്ഥാപനങ്ങൾ എന്ന നിർവചനത്തിൽപെടുത്താവുന്ന കെട്ടിടങ്ങൾ ഒന്നുമില്ലെങ്കിലും പ്രദേശവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായതിനാൽ തന്നെ, വീടുകളും വീടിനോട് ചേർന്ന് കിടക്കുന്ന മതിലും വീടിന്റെ ഭാഗവും നഷ്ടപെടാനിടയുണ്ട്.

പുഴയോരത്ത്, നിലവിലുള്ള മണ്ണ് റോഡിൻറെ പടിഞ്ഞാറുഭാഗത്തായി കെ.എം അഫ്സൽ എന്ന കോയയുടെ വീടിനോട് ചേർന്നുള്ള 3 മുറികളുള്ള ഒരു ലൈൻ പൂർണമായും ഇല്ലാതാകും



തുടർന്ന് റിജിത്തിന്റെ വീട്ടിന്റെ ഉൾഭാഗത്താണ് അടയാളപ്പെടുത്തിയിരിക്കുന്നത്. ഈ വീട് പൊളിച്ചുമാറ്റേണ്ടതായിവരും.
ശ്രീ ഹക്കീം, റാഹത്ത് വില്ലയുടെ വീട് പൂർണമായും ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന സ്ഥലത്താണ്.
അബ്ദുള്ള വെമ്മരത്ത്, മുഹമ്മദ് കോയ എന്നിവരുടെ വീട് പൂർണമായും നഷ്ടപ്പെടും. അതുപോലെ അഹമ്മദ് കോയയുടെ വീട്ടുപറമ്പിലുള്ള കുഴൽകിണർ, പമ്പ് ഹൗസ്, ഷെഡ് എന്നിവയും നഷ്ടപെടുവാനിടയുണ്ട്.
മണ്ണ് റോഡിൻറെ കിഴക്കു ഭാഗത്തായിട്ടുള്ള ജംഷീർ പടന്നക്കോട്, അബ്ദുൽ ഗഫൂർ വരഡാക്കിൽ, കുഞ്ഞു മുഹമ്മദ് കോയ എന്നിവരുടെ വീടുകളും നഷ്ടപെടാനിടയുണ്ട്.



അതുപോലെകെ. അബൂബക്കർ നഹയുടെ ഉടമസ്ഥതയിലുള്ള പി.വി.മുഹമ്മദ് എന്നയാൾ വാടകക്ക് നടത്തുന്നതുമായ കടയുടെ പറമ്പിൽ 2 മീറ്റർ ഉള്ളിലോട്ടു അടയാളപ്പെടുത്തിയിട്ടുണ്ട്.
ഇതിലൂടെ റോഡിൻറെ വശത്ത് എത്തുമ്പോൾ അബ്ദുൽ ലത്തീഫ് 10 വർഷമായി നടത്തിവരുന്ന ഒരു കടയുണ്ട് അതിന്റെ ഒരു ഭാഗം മാർക്ക് ചെയ്തിട്ടുണ്ട്.

<u>**ബേപ്പൂർ വില്ലേജ് ഭാഗം**</u> - ചെറുവണ്ണൂർ ബേപ്പൂർ റോഡിൽനിന്ന് കക്കാടത്ത് ഭഗവതി ക്ഷേത്രത്തിന്റെ മുന്നിലൂടെ പുഴക്കര വരെയെത്തുന്ന റോഡിൻറെ ഇരുവശത്തുമായി ഏറ്റെടുക്കാനുള്ള സ്ഥലമാണ്.
റോഡിൻറെ വശത്ത് ബേപ്പൂർ സർക്കാർ മൃഗാശുപത്രി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുൻ ഗേറ്റ് മുതൽ ഏകദേശം 30 മീറ്റർ നീളത്തിലുള്ള 2 മീറ്റർ

വീതിയിൽ സ്ഥലം അടയാളപടുത്തിയിട്ടുണ്ട്. പഴയ ആശുപത്രിയുടെ ലാബ് പ്രവർത്തിച്ച സ്ഥലം ഇല്ലാതാകും. ഇവിടെ ഒരു ടോയ്‌ലറ്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതായി അവിടുന്ന് അറിയിച്ചു.



പുതുക്കാട്ടിൽ മധു, 'സദ്ഗമയ ' താമസിച്ചുവരുന്നത് ഒരു ഇരുനില കെട്ടിടത്തിന്റെ ആദ്യനിലയിലാണ്. അദ്ദേഹവും ഭാര്യയും രണ്ടു കുട്ടികളും അടങ്ങുന്ന കുടുംബം വർഷങ്ങളായി താമസിച്ചുവരുന്നു. ഇതിന്റെ താഴത്തെ നിലയിൽ പി.എം.കോ മെറ്റൽസ് എന്ന ഒരു കമ്പനി (സ്റ്റീൽ കസേര, മേശ എന്നിവ നിർമ്മിക്കുന്നു) പ്രവർത്തിച്ചുവരുന്നു. ഈ ഇരുനില കെട്ടിടം പൂർണമായും ഇല്ലാതാകും. തൊട്ടടുത്തതായി പ്രസാദിന്റെ ഭാര്യ ഷീലയുടെ ഉടമസ്ഥതയിലുള്ള ഒരു ഗോഡൗൺ ഉണ്ട്. ഇതും നഷ്ടപ്പെടാൻ സാധ്യത ഉണ്ട്.

ഇതിനു സമീപത്തു തന്നെ ബോട്ടിന്റെ അറ്റകുറ്റപ്പണി നടത്തുമ്പോൾ ആവശ്യമുള്ള സാമഗ്രികൾ നിർമ്മിക്കുന്നതും, വെൽഡിങ് പ്രവർത്തി നടത്തുന്നതുമായ ഹരിഹര മെറ്റൽസ് എന്ന സ്ഥാപനമുണ്ട്. ശ്രീ നന്മുഖൻ പി എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. ഇതും പൂർണമായി ഇല്ലാതാകും.



## രാമചന്ദ്ര ബോട്ട് റിപ്പയറിങ്

ഏകദേശം 30 വർഷമായി പ്രവർത്തിച്ചുവരുന്ന ഒരു ബോട്ട് റിപ്പയറിങ് സ്ഥാപനമാണ്. രാമചന്ദ്രൻ ആരംഭിച്ച ഈ സ്ഥാപനം ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ രഞ്ചത്ത് നടത്തിവരുന്നു. ഈ സ്ഥാപനവും പൂർണമായും ഇല്ലാതാകും.

ഇതിനു സമീപത്തായി കൃഷ്ണപ്രസാദ് നടത്തുന്ന ഒരു സ്റ്റേഷനറി കടയും ഫൈബർ തോണികൾക്കും , മറ്റു ഫൈബർ അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഓയിൽ വിൽപന നടത്തുന്ന സ്ഥാപനമാണ്. ഈ രണ്ടു സ്ഥാപനവും ഇല്ലാതാവുന്നു.

പുഴക്കരയിലായി ബോട്ട് അറ്റകുറ്റപ്പണികൾക്കായി കരയിലേക്ക് കയറുന്ന ശശി ഇൻഡസ്ട്രീസ് പ്രവർത്തിച്ചുവരുന്നു. ജിത്തുവിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനം മിക്കവാറും പാലത്തിന്റെ അടിഭാഗത്തായിട്ടാണ് വരിക. നിലവിലെ രീതിയിൽ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ടാകാനിടയില്ല. അതേപോലെതന്നെ പുഴക്ക് വളരയടുത്തായി സുധീർ വെണ്ണക്കാട്ടിന്റെ ഒരു മുറികൂടിയുണ്ട്.



റോഡിൻറെ മറുവശത്തായി ബി.സി.റോഡിനോട് ചേർന്ന് 55/4C യിൽ രണ്ടു മുറികളുള്ള ഒരു ചെറിയ കെട്ടിടം ഉണ്ട്. ഇത് മാർക്ക് ചെയ്യപ്പെട്ടതാണ്.ഇതിനു ഉള്ളിലായിട്ടാണ് 57/7C യിൽ ശ്രീ ബൈജുവിന്റെ വീടുള്ളത്. ബൈജുവും ഭാര്യയും രണ്ടു കുട്ടികളും വിദേശത്താണ്. ഇപ്പോൾ ഇവിടെ അദ്ദേഹത്തിന്റെ വിധവയായ സഹോദരി ബീനയും മകനുമാണ് താമസിക്കുന്നത്. ചുറ്റുമതിൽ അടക്കമുള്ള ആകെയുള്ള 6 സെന്റിലാണ് വീട് ഉള്ളത്. മാർക്ക് ചെയ്ത രീതിവച്ചു നോക്കുകയാണെങ്കിൽ ഈ വീട് നിലനിർത്താനാകില്ല.

തൊട്ടടുത്തായി ആക്രിസാധനങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്ന ഒരു ഗോഡൗൺ ഉണ്ട്. ഇതിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നില്ല. അതുപോലെതന്നെ ഇവിടെ ശ്രീ രമേശ് വി യുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടം ഉണ്ട്. ഇതിനു രണ്ടു നിലകളാണ് ഉള്ളത്. താഴത്തെ നിലയിലെ 4 മുറികളിൽ അരുൺട്രേഡേഴ്സ്, ടോപ് കളക്ഷൻസ്, കെ.ബി.എന്റർപ്രൈസസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ മുകളിലായി നാല് മുറികൾ ഉണ്ട്. ഇവർക്ക് ഇതുവരെ കോർപറേഷനിൽ നിന്ന് നമ്പർ ലഭിച്ചിട്ടില്ല. കെട്ടിടം മൊത്തമായി ഇല്ലാതാവുന്നതോടെ, താഴെയുള്ള 3 സ്ഥാപനങ്ങളും ഇല്ലാതാവും.




ഇതിനു സമീപത്തായി പ്രവർത്തിക്കുന്ന ഗോകുലം ഐസ്പ്ലാന്റിന്റെ മുറ്റം നഷ്ടമാകും. ഇതിനു തൊട്ടടുത്തായി 5 പേരുടെ ഉടമസ്ഥതയിലുള്ള ലമ്മാർ ഇൻഡസ്ട്രീസ് പ്രവർത്തിക്കുന്നു. ഇതിന്റെ മുൻഭാഗത്തുള്ള സ്ഥലം മാത്രമേ നഷ്ടമാകുന്നുള്ളു. സ്ഥാപനത്തെ നിലനിർത്താനാകും എന്നാൽ പാലം വരുന്നതോടെ ഇവ പാലത്തിന്റെ അടിയിലായിപ്പോകാൻ സാധ്യത ഉണ്ട്. ഇതോടനുബന്ധിച്ചു നിർമ്മിക്കുന്ന സർവീസ് റോഡിൻറെ പ്രയോജനം ഇവർക്ക് ലഭിക്കുകയും ചെയ്യും പുഴയോരത്തായി കക്കാടത്ത് ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിനു പ്രതികൂലമായി ഈ സ്ഥലമെടുപ്പ് ബാധിക്കുന്നില്ല.

## സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന

കോഴിക്കോട് ജില്ലയിലെ, കോഴിക്കോട് താലൂക്കിലെ കരുവന്തുരുത്തി വില്ലേജിലെ റീ. സ 2/2, 2/3, 2/13, 9/1, 9/2, 9/4, 9/5, 9/11A, 9/11B, 11/2, 15/4, 15/5, 15/6, 15/7, 15/12 യിൽപെട്ട 0.552410 ഹെക്ടർ സ്ഥലവും ബേപ്പൂർ വില്ലേജിലെ റീ.സ 55/4C, 55/5B, 55/6B, 55/7, 55/12, 55/18, 57/1D/2, 57/7C, 58/3, 58/4, 58/5, 58/6, 58/7 യിൽപെട്ട 0.351122 ഹെക്ടർ ഭൂമിയടക്കം 0.903532 ഹെക്ടർ ഭൂമി തീരദേശ ഹൈവേയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ബേപ്പൂർ പാലത്തിനും അനുബന്ധ, സർവീസ് റോഡുകൾക്കുമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization

and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കോഴിക്കോട് ജില്ലാ കളക്ടറുടെ 04.11.2020 ലെ DCKKD/1577/2020/B-1 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2020 നവംബർ 06 )ം തീയ്യതിയിലെ 2668 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് . പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ. പ്രസാദ് | ഓഫിസ് അസിസ്റ്റന്റ് |

**പഠനോപാധികൾ**

കോഴിക്കോട് ജില്ലയിലെ, കോഴിക്കോട് താലൂക്കിലെ കരുവന്തുരുത്തി വില്ലേജിലെ റീ. സ 2/2, 2/3, 2/13, 9/1, 9/2, 9/4, 9/5, 9/11A, 9/11B, 11/2, 15/4, 15/5, 15/6, 15/7, 15/12 യിൽപെട്ട 0.552410 ഹെക്ടർ സ്ഥലവും ബേപ്പൂർ വില്ലേജിലെ റീ.സ 55/4C, 55/5B, 55/6B, 55/7, 55/12, 55/18, 57/1D/2, 57/7C, 58/3, 58/4, 58/5, 58/6, 58/7 യിൽപെട്ട 0.351122 ഹെക്ടർ ഭൂമിയടക്കം 0.903532 ഹെക്ടർ ഭൂമി തീരദേശ ഹൈവേയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ബേപ്പൂർ പാലത്തിനും അനുബന്ധ, സർവീസ് റോഡുകൾക്കുമായി ഏറ്റെടുക്കപെടുന്നത്. ഏറ്റെടുക്കപെടുന്ന സ്ഥലം ചാലിയാർ പുഴയുടെ ഇരുകരകളിലുമാണ്. ഇതിൽ കരുവന്തുരുത്തി ഭാഗത്ത്. ചാലിയം കരുവന്തുരുത്തി റോഡിൽനിന്ന് യതീംഖാന റോഡിലൂടെ പുഴയുടെ ഒരു ഭാഗത്തും, ബേപ്പൂർ ഭാഗത്തും, ബേപ്പൂർ ഭാഗത്ത് ചെറുവണ്ണൂർ - ബേപ്പൂർ റോഡിൽനിന്ന് കക്കാടത്ത് ഭഗവതി ക്ഷേത്രം വരെയുള്ളതു പുഴയുടെ മറുഭാഗത്തുമാണ്. ഇതിൽ കരുവന്തുരുത്തി ഭാഗത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. ബേപ്പൂർ ഭാഗത്ത് ജനങ്ങൾ താമസിക്കുന്നത് കൂടാതെ, മൽസ്യബന്ധന ബോട്ടുകളുടെ അറ്റകുറ്റപ്പണി നടത്തുന്ന വ്യവസായ ശാലകളുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങൾ കൂടി ഉള്ള സ്ഥലമാണ്. കൂടാതെ ബേപ്പൂർ മൃഗാശുപത്രിയുടെ സ്ഥലവും ഉൾപ്പെടുന്നുണ്ട്. സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി Participatory observation, Beneficiary Assessment, Participatory Rural Appraisal എന്നീ പഠനോപാധികളെയാണ്

അവലംബിച്ചിരിക്കുന്നത്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം മുഴുവൻ സന്ദർശിച്ച്, ഉടമകൾ ഉള്ള സ്ഥലങ്ങളിൽ അവരുമായി ആശയ വിനിമയം നടത്തിയുമാണ് പഠനം നടത്തിയിരിക്കുന്നത്.

**<u>പൊതുഅവകാശവാദം കേൾക്കൽ</u>**



കോഴിക്കോട് ജില്ലയിലെ, കോഴിക്കോട് താലൂക്കിലെ കരുവന്തുരുത്തി വില്ലേജിലെ റീ. സ 2/2, 2/3, 2/13, 9/1, 9/2, 9/4, 9/5, 9/11A, 9/11B, 11/2, 15/4, 15/5, 15/6, 15/7, 15/12 യിൽപെട്ട 0.552410 ഹെക്ടർ സ്ഥലവും ബേപ്പൂർ വില്ലേജിലെ റീ.സ 55/4C, 55/5B, 55/6B, 55/7, 55/12, 55/18, 57/1D/2, 57/7C, 58/3, 58/4, 58/5, 58/6, 58/7 യിൽപെട്ട 0.351122 ഹെക്ടർ ഭൂമിയടക്കം 0.903532 ഹെക്ടർ ഭൂമി തീരദേശ



ഹൈവേയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ബേപ്പൂർ പാലത്തിനും അനുബന്ധ, സർവീസ് റോഡുകൾക്കുമായി ഏറ്റെടുക്കുന്നതുമായി ബന്ധപെട്ടു, നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന രീതിയിലുള്ള, തല്പരകക്ഷികളുടേയും സ്ഥലമുടമകളുടെയും ഒരു പൊതുകേൾക്കൽയോഗം 15.12.2020 ചൊവ്വാഴ്ച ഉച്ചക്ക് 12:30 ന് കരുവന്തുരുത്തി പെരുവൻമാടുമ്മൽ പാണ്ടികശാല വീട്ടുമുറ്റത്ത് നടത്തി.

യോഗത്തിൽ ദേശീയപാത അസി. എൻജിനീയറും, ഓവർസീയറുമടക്കം 41 പേർ ഹാജരായിരുന്നു. യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്ത്, സാമൂഹ്യാഘാത പഠന യൂണിറ്റംഗം ശ്രീ. കെ വി ചന്ദ്രൻ സംസാരിക്കുകയും ഇന്നത്തെ യോഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

പ്രസ്തുത യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങളും പരാതികളും ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

1. **വാസു (ഗോകുലം ഐസ് പ്ലാന്റ്) ബേപ്പൂർ ഭാഗം**

തീരദേശ റോഡിനു വേ ി ആദ്യം അലൈൻമെന്റ് തയ്യാറാക്കിയത് ബേപ്പൂർ ബീച്ച് റോഡ് - ബി. സി റോഡ് മുതൽ ചെമ്പക കോളനി വഴിയായിരുന്നു. ഇതിനെതിരെ എതിർപ്പ് ഉയർന്നപ്പോൾ ബേപ്പൂർ ഹൈസ്കൂൾ ഭാഗത്ത് ഗ്രീൻപാർക്ക് കോളനി വഴി പുതിയ റൂട്ട് തയ്യാറാക്കി. ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് അതും മാറ്റി. ബി. സി റോഡ് ജങ്ക്ഷനിൽ നിന്ന് മധുര ബസാർ ജങ്ക്ഷൻ വഴി ഏറ്റവും ചെലവ് കുറഞ്ഞതും, ജനങ്ങൾക്ക് താരതമ്യേന പ്രയാസം കുറഞ്ഞതുമായ വഴിയാണിത്. ഇത് ഉപേക്ഷിച്ചാണ് പുതിയ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. എന്റെ സ്ഥലം നഷ്ടപ്പെടും. ഇവിടെ കുറ്റി അടിച്ചപ്പോൾ എന്റെ പാർട്നർ ആയ ഹരിദാസൻ ഹൃദയാഘാതം മൂലം മരണപ്പെട്ടു.

2. **നൻമുഖൻ (ഹരിഹര മെറ്റൽസ്) ബേപ്പൂർ**

വി.കെ.സി മമ്മദ്കോയ, എം. എൽ. എ യോഗം വിളിച്ചപ്പോൾ ആ യോഗത്തിൽ ഉന്നയിച്ച വസ്തുതകൾ (പുനരധിവാസം ഉൾപ്പെടയുള്ള കാര്യങ്ങൾ) ഔദ്യോഗികമാണോ. എനിക്ക് 6 മുറി പീടിക ഉ ്. അതിൽ കുറെ ഭാഗം പോകും (അമ്പലത്തിന്റെ എതിർഭാഗം) പാലത്തിന്റെ അടിയിലായി വരുന്ന

പരമ്പരാഗത ബിസിനസ്സ് നിലനിൽക്കണം. എന്റെ പറമ്പിലുള്ള കിണറാണ് ഇവിടുത്തെ ബോട്ടുകാരും ഞാനും ഉപയോഗിച്ചു വരുന്നത്. ഇത് നില നിർത്തണം.

3. **കാർത്തികേയൻ (ബേപ്പൂർ) (ബൈജുവിന് വേ 1)**

ശ്രീ.വി. കെ. സി മമ്മദ്കോയ (എം. എൽ. എ) സംഘടിപ്പിച്ച യോഗത്തിൽ പരിസരവാസികൾ (ഇരകൾ) രണ്ടു നിബന്ധനകൾ മുന്നോട്ട് വച്ചു.

1. ബി.സി.റോഡ് കമ്മ്യൂണിറ്റി ഹാളിന്റെ പിന്നിൽ (തെക്കുവശം) കോർപ്പറേഷന്റെ 82 സെന്റ് സ്ഥലം ഉണ്ട്. ആ വഴിക്ക് പാലം വരികയാണെങ്കിൽ പാലത്തിന്റെ നീളം കുറയും, ആരുടെയും വീട് നഷ്ടപ്പെടില്ല. ഉപയോഗശൂന്യമായ പഴയ അലക്കു കേന്ദ്രത്തെ മാത്രമേ ബാധിക്കൂ.
2. ബി.സി റോഡിലെ ചീർപ്പ് പാലം (സുദർശൻ കമ്പനിയുടേത്) ത്തിന്റെ സമീപത്തുകൂടിയാണ്.(ആളൊഴിഞ്ഞസ്ഥലം) എങ്കിലും ആർക്കും പ്രയാസമുണ്ടാകില്ല. ഇതിനെ സംബന്ധിച്ചു ഒരു തീരുമാനം എടുത്തിട്ടില്ല. അലൈൻമെന്റ് മാറണം. എന്റെ വീടും സ്ഥലവും നഷ്ടപ്പെടും.

4. **മധു(ബേപ്പൂർ** )

പദ്ധതി അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ, എന്റെ വീടിന്റെയോ സ്ഥാപനത്തിന്റെയോ അറ്റകുറ്റപ്പണി നടത്താനോ വ്യവസായം മെച്ചപ്പെടുത്താനോ സാധിക്കുന്നില്ല. അതിനാൽ മുന്നോട്ടുപോകുന്നെങ്കിൽ പെട്ടെന്ന് തന്നെ തീരുമാനം ഉണ്ടാകണം.

5. **ഷീല (ബേപ്പൂർ** )

ഈ പാലം നിർമ്മാണപദ്ധതി അനന്തമായി നീണ്ടുപോകുന്നതിനാൽ എനിക്ക് വീട്ടിന്റെ പ്ലാൻ അംഗീകരിച്ചു കിട്ടുന്നില്ല. പ്രദേശവാസികളുടെ മുഴുവൻ പ്രശ്നമാണ്. അതുകൊണ്ടു ഈ പദ്ധതി സംബന്ധിച്ച് രണ്ടിലൊരു തീരുമാനം

പെട്ടെന്നുണ്ടാകണം. ഇതിനു മുൻപ് 2019 നവംബറിൽ ഒരു യോഗം വിളിച്ചിരുന്നു. ഇത് സംബന്ധിച്ച മറ്റു വിവരങ്ങൾ ഒന്നുമില്ല.

6. **സുന്ദരേശൻ (ബേപ്പൂർ)**

എന്റെ ഗോഡൗണിലേക്ക് ഒരു വാഹനം പോലും കയറ്റാൻ പറ്റില്ല. റോഡിനു കുറ്റിയടിക്കാൻ വരുന്നവർ എന്നോട് ആലോചിച്ചിട്ട് പോലുമില്ല. ഒരു മുന്നറിയിപ്പുമില്ലാതെ കുറ്റിയടിച്ചു. തീരദേശ റോഡിനെക്കുറിച്ചു ഒരു വ്യക്തതയുമില്ല. ഇവിടുത്തുകാർക്കു, ഈ പദ്ധതിയെക്കുറിച്ചു വ്യക്തത വരുത്തണം. കുറ്റിയടിക്കുമ്പോൾ മുന്നേ വിവരം തരണമായിരുന്നു. ഇവിടുത്തുകാർ ആരുംതന്നെ ഈ പാലത്തിനുവേണ്ടി ആവശ്യപ്പെട്ടിട്ടില്ല. ബി.സി.റോഡിനുവേണ്ടി 35 കൊല്ലമായി കുറ്റിയടിച്ചിട്ട്. ഇതുവരെ ഒന്നും നടന്നിട്ടില്ല.

7. **രമേശ് വി (ബേപ്പൂർ)**

എന്റെ കെട്ടിടത്തിൽ നാല് മുറികളാണുള്ളത്. താഴെ മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. മുകളിൽ ഇതുവരെ നമ്പർ ലഭിച്ചിട്ടില്ല. പൂർണമായും നഷ്ടപ്പെടും.

8. **സുനിൽകുമാർ.കെ.പി (ബേപ്പൂർ )**

എന്റെ 7 1/2 സെന്റ് ഒഴിഞ്ഞ പറമ്പാണ്. ഇതിൽ 85% ഏറ്റെടുക്കപെടും. 15% ഒന്നിനും പറ്റില്ല . ഏറ്റെടുക്കുന്നുവെങ്കിൽ മുഴുവനായും ഏറ്റെടുക്കണം.ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.

9. **മഹേഷ് (കടയുടമ ടോപ് കളക്ഷൻസ്) (ബേപ്പൂർ )**

ഷോപ് നഷ്ടപെടുന്നതോടെ ഞാൻ വലിയ ബാധ്യതയിലാകും. കടമെടുത്താണ് ഞാൻ കച്ചവടം നടത്തുന്നത്. നല്ല പങ്ക് സാധനങ്ങളും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഇവിടെ തന്നെ എനിക്ക് ഒരു കട ലഭിക്കണം.

**10. രഞ്ജിത്ത്** (**രാമചന്ദ്ര ബോട്ട് ഇൻഡസ്ട്രീസ്, ബേപ്പൂർ** )

ഇൻഡസ്ട്രിയും യാർഡും പൂർണമായും ഇല്ലാതാകും. ബിസിനസ് ഇല്ലാതാകും. വരുമാനം നഷ്ടപ്പെടും.

**11. രാജേഷ്** (കെ.ബി.എന്റർപ്രൈസസ്) **(ബേപ്പൂർ** )

നാല് മുറികളിൽ ഒന്നിൽ ബോട്ട് സംബന്ധമായ സാധനങ്ങൾ വാടകക്ക് കൊടുക്കുന്നു. എന്റെ ജീവിത മാർഗ്ഗംതന്നെ ഇല്ലാതാകും.

**12. അരുൺ ട്രേഡേഴ്സ്** (**പെയിന്റ്/ഓയിൽ ബിസിനസ്** ) **ബേപ്പൂർ** )

ബേപ്പൂരിലുള്ള ബോട്ടുകളിൽ ഭൂരിഭാഗവും ഈ ഭാഗത്തുനിന്ന് അറ്റകുറ്റപ്പണി നടത്തുന്നു. ഇവിടെനിന്നും വിൽക്കുന്ന സാധനങ്ങൾ മറ്റു സ്ഥലങ്ങളിൽ ലഭിക്കില്ല. സ്ഥാപനം നിലനിർത്താനുള്ള സൗകര്യം ഉണ്ടാകണം

**13. അഫ്സൽ** (**മുൻ കൗൺസിലർ ഭൂവുടമ**) (**കരുവന്തുരുത്തി)**



കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ, എന്റെ വീട്ടിൽ വെള്ളം കയറിയിരുന്നു.അതിനു ശേഷം ഇവിടെ താമസിക്കാൻ സാധിച്ചിട്ടില്ല. ഒന്നും ചെയ്യാൻപറ്റാത്തത് അലൈന്മെന്റിൽ പെട്ടത് കാരണമാണ്. ഇപ്പോൾ വാടകക്ക് താമസിക്കുന്നു 16 സെന്റ് സ്ഥലം നഷ്ടപ്പെടും. പിന്നെ ഇവിടെ വീടെടുക്കാൻ കഴിയില്ല (CRZ)

**14. കുഞ്ഞഹമ്മദ്** (**കരുവന്തുരുത്തി** )

ഈ പദ്ധതി അനിശ്ചിതമായി നീണ്ടു പോകുന്നത് പ്രയാസമുണ്ടാക്കും. ഒന്നുകിൽ വേഗം നടത്തുക. അല്ലെങ്കിൽ ഉപേക്ഷിക്കുക. ഏറ്റെടുക്കുകയാണെങ്കിൽ

ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. വെള്ളക്കെട്ട് പരിഹരിക്കണം. പുതിയ നിർമ്മാണം നടത്തുമ്പോൾ അനുമതി ലഭിക്കാനുള്ള നടപടികൾ അധികാരികളിൽ നിന്ന് ഉണ്ടാകണം.

**15. ശാഹുൽ ഹമീദ് (കരുവന്തുരുത്തി )**

താമസിക്കുന്ന വീട് റോഡ് ആവശ്യാർഥം ഏറ്റെടുക്കുന്നതിൽ എനിക്ക് താൽപര്യമില്ല. ആദ്യത്തെ അലൈന്മെന്റിൽ വീട് നഷ്ടപ്പെടുന്നില്ല. ഇപ്പോൾ പൂർണമായും നഷ്ടപ്പെടും.

**16. അബ്ദുൽ ലത്തീഫ് (കടയുടമ) (തുരുത്തി )**

ചാലിയം തുരുത്തി റോഡിലുള്ള എന്റെ കടയുടെ ഒരു ഭാഗം പൂർണമായും ഇല്ലാതാകും.ഇത് കെട്ടിടത്തെ പൂർണമായും ബാധിക്കില്ല. റോഡിൻറെ സമീപത്തു തന്നെയാണ് കെട്ടിടം. ഗോവണി പൊളിച്ചു കളയുമ്പോൾ, പകരം സംവിധാനത്തിന് അനുമതി തരണം. കാരണം സ്ഥല ലഭ്യത കുറവാണ്. ഇപ്പോൾ രേഖയിൽ നഞ്ചയായി കാണിച്ചിരിക്കുന്നെങ്കിലും പറമ്പാണ്.

**17. ഹാറൂൺ (ഷംസുദ്ധീൻ/റാബിയ ഹജ്ജുമ്മ എന്നിവർക്ക് വേണ്ടി (തുരുത്തി)**

ഏറ്റവും കൂടുതൽ സ്ഥലം നഷ്ടപ്പെടും. ന്യായമായ വില ലഭിക്കണം. പ്രവർത്തനം ത്വരിതഗതിയിൽ നടത്തി പെട്ടന്ന് തന്നെ ന്യായമായ നഷ്ടപരിഹാരം ലഭിക്കണം. അനിശ്ചിതമായി നീളരുത്. പ്ലാനും മറ്റും പാസ്സായി കിട്ടുന്നില്ല. ഇരകൾക്ക്, നിലവിലുള്ള ബിൽഡിംഗ് റൂളിൽ ഇളവ് മുൻസിപ്പൽ അധികാരികളിൽ നിന്ന് രേഖാമൂലം ലഭിക്കണം.

**18. ഉനൈസ് വി.കെ (തുരുത്തി)**

വളരെ ഇടുങ്ങിയ സ്ഥലമാണ്. ഏറ്റെടുത്തു കഴിഞ്ഞാൽ വളരെ കുറച്ചു സ്ഥലമേ ബാക്കിയുണ്ടാകു. ഇവിടെ വീടെടുക്കാൻ പറ്റില്ല. സ്ഥലം വീടടക്കം ഏറ്റെടുക്കണം. (നാല് സെന്റ് സ്ഥലം) പൂർണമായ, ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.

**19. ഗഫൂർ (തുരുത്തി )**

3 വർഷമായിട്ട് എടുത്ത വീട് മുഴുവൻ പോകും. പ്രവാസിയാണ്. ആകെ 4 സെന്റ് സ്ഥലം . ഈ പദ്ധതിയോട് താൽപര്യമില്ല. വേറെ സ്ഥലമില്ല

**20. ഹുസ്സൈൻ (തുരുത്തി )**

എന്റെ സ്ഥലം നഷ്ടപ്പെടും . എനിക്ക് ഈ പദ്ധതിയുമായി താൽപര്യമില്ല.



**21. രജിത്ത് (നസീദ്/സാജിദ് ) (തുരുത്തി )**

നിലവിലുള്ള താമസ സ്ഥലത്തെ ബാധിക്കുന്നതിനാൽ ഈ പദ്ധതിയോട് വിയോജിപ്പാണ്.

**22. അബ്ദുൽ ഹക്കീം (തുരുത്തി )**

വീട് പൂർണമായും നഷ്ടപ്പെടും.ഈ പദ്ധതിയോട് തീരെ താൽപര്യമില്ല.

**23. അബ്ദുല്ല, തുരുത്തി**

എന്റെ വീട് നഷ്ടപ്പെടും, ഞാൻ മത്സ്യത്തൊഴിലാളിയാണ്. ഇവിടെ നിന്ന് മറ്റൊരു സ്ഥലത്തു മാറിത്താമസിക്കാൻ പ്രയാസമാണ്.

**24. മുജീബ് (തുരുത്തി )**

എന്റെ വീടിന്റെ ഒരു ഭാഗം പൂർണമായും ഇല്ലാതാകും. പ്രവാസിയായിരുന്നു. പുതിയ വീടാണ്. പുതിയ പ്രോജെക്ടിനോട് താൽപര്യമില്ല. മത്സ്യത്തൊഴിലാളിയാണ്.

**25. ജംഷീർ (പുഴക്കരയിൽനിന്നു രണ്ടാമത്തെ വീട് ) (തുരുത്തി )**

വീട് നഷ്ടപ്പെടും. പ്രോജെക്ടിനോട് താൽപര്യമില്ല.

**26. അയിഷാബി (തുരുത്തി )**

വീടിന്റെ മുൻഭാഗം എറ്റെടുക്കപ്പെടും. കോലായിയും ഒരു മുറിയും പോകും. ബാക്കി സ്ഥലത്ത് താമസിക്കാൻ കഴിയില്ല. പദ്ധതിയോട് താൽപര്യമില്ല.

**27. സബീന (തുരുത്തി )**

പുതിയ വീടാണ്. താമസിക്കാൻ പറ്റാത്ത രീതിയിലാണ് അടയാളപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയോട് തീരെ താൽപര്യമില്ല.

**28. . ഇല്യാസ് (തുരുത്തി )**

സ്ഥലം നഷ്ടപ്പെടും. പദ്ധതിയോടു താല്പര്യമില്ല

**29. അസ്‌ലം (തുരുത്തി )**

60 മീറ്റർ നീളത്തിൽ സ്ഥലം നഷ്ടപ്പെടും. വീടിനെയും സ്ഥലത്തെയും ബാധിക്കും. ഈ പദ്ധതിയോട് അനുകൂലിക്കാൻ താല്പര്യമില്ല.

**30. മുർഷിദ് അനീഷ് – ഭൂ ഉടമ (തുരുത്തി ഭാഗം)**

ഒരു സാധാരണ മഴ പെയ്താൽ തന്നെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന സ്ഥലമായ കരുവൻതുരുത്തി .പലപ്പോഴും പുനരധിവാസ കേന്ദ്രത്തിൽ താമസിക്കാൻ നിർബന്ധിതരാകുന്നു. ചാലിയാർ പുഴയ്ക്ക് കുറുകെ കൂടുതൽ പാലങ്ങൾ വരുന്നത് വീ ും പ്രയാസം ഉ ാക്കും. ജനങ്ങളുടെ താൽപ്പര്യം പരിഗണിക്കാതെ, ആരുടെയോ താൽപ്പര്യത്തിന് അനുസരിച്ചാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പരിഗണിക്കപ്പെടണം. ഈ യോഗം മുന്നോട്ട് കൊ ുപോകാൻ തന്നെ എതിർപ്പു ്. ഈ പദ്ധതിക്കായി ശാസ്ത്രീയ പഠനം നടത്തിയിട്ടു ാ എന്നും അറിയണം. ഭൂരിപക്ഷവും പദ്ധതിക്ക് എതിരാണ്.

**31. കുഞ്ഞഹമ്മദ് (തുരുത്തി)**

ഇവിടെ സ്ഥലം ഏറ്റെടുക്കപെടുന്നതോടെ ഭൂമി നഷ്ടപെടുന്നവർ, പകരം ഭൂമിക്കായി അന്വേഷണം നടത്തുമ്പോൾ സ്വാഭാവികമായും വിലകൂടാൻ സാധ്യതയുണ്ട്. അതിനാൽ ഏറ്റെടുക്കാൻ സാധ്യത ഉണ്ടെങ്കിൽ മാനുഷിക പരിഗണന വച്ച്, മാർക്കറ്റ് വിലയേക്കാൾ മൂന്നോ നാലോ ഇരട്ടി വില നൽകണം.(നാട്ടിലെ നടപ്പു വിലയേക്കാൾ മൂന്നോ നാലോ ഇരട്ടി )

ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ഭൂരിഭാഗം അഭിപ്രായപ്പെട്ടു. ഇല്ല എന്നതിന് എത്രയും പെട്ടന്ന് തീരുമാനം ഉണ്ടാകണമെന്നും യോഗത്തിൽ പൊതുവായ അഭിപ്രായം ഉയർന്നു വന്നു.

യോഗത്തിൽ മരാമത്തുവകുപ്പ് (ദേശീയപാതവിഭാഗം) അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവർ യോഗത്തിൽനിന്നുയർന്നു വന്ന സംശയങ്ങൾ ദൂരീകരിച്ചു

യോഗം 3:30 അവസാനിച്ചു

പ്രസ്തുത യോഗത്തിൽ ഭൂവുടമകളിൽ നിന്നും തൽപരകക്ഷികളിൽനിന്നും ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ ദേശിയ പാതവിഭാഗം എക്സി.എൻജിനീയർക്കു അയച്ചു കൊടുത്തിരുന്നു. അതിനുള്ള അഭിപ്രായങ്ങൾ 4.01.2021 നു ഇമെയിൽ മുഖേന ലഭിക്കുകയും ചെയ്തു. ആയതു താഴെ കാണിച്ചിരിക്കുന്നു.

1. ഈ പദ്ധതിക്ക് വേണ്ടി ശാസ്ത്രീയ പഠനം നടത്തുകയും അത് പ്രകാരമുള്ള 4 അലൈൻമെന്റുകളിൽ നിന്ന് ഏറ്റവും ചെലവ് കുറഞ്ഞതും, പരിമിതമായ അളവിൽ സ്ഥലം ഏറ്റെടുക്കൽ ആവശ്യമായി വരുന്നതുമായ അലൈൻമെന്റ് ആണ് നിലവിൽ തെരഞ്ഞെടുത്തിട്ടുള്ളത്.
2. ഈ പ്രവർത്തിക്കു ആവശ്യമായി വരുന്ന സ്ഥലമെടുപ്പുമായി ബന്ധപെട്ടു ബേപ്പൂർ നിയോജക മണ്ഡലം ബഹു : MLA ശ്രീ വി.കെ.സി.മമ്മദ് കോയ

അവർകളുടെ ഓഫീസിൽ വച്ച് നടന്ന ഔദ്യോഗിക യോഗത്തിൽ പൊതുമരാമത്തു ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.

3. പാലത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചു പൊളിച്ചു മാറ്റേണ്ടി വരുന്ന കടകൾക്കു പകരം പാലത്തിനു താഴെ പുതിയ കടകൾ നിർമ്മിക്കുന്ന രീതിയിലാണ് പാലം രൂപകൽപന ചെയ്തിട്ടുള്ളത്. അലൈൻമെന്റ് പ്രകാരം നിലനിർത്താൻ പറ്റുന്ന കിണറുകളും മറ്റും നിലനിർത്തി തന്നെയാവും നിർമ്മാണം നടത്തുക.
4. ആവശ്യമായ അംഗീകാരങ്ങൾ ഉന്നതങ്ങളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വളരെ പെട്ടെന്ന് തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതിനു മുന്നോടിയായി സ്ഥലം ഏറ്റെടുക്കലും തുടർനടപടികളും വേഗത്തിൽ ആക്കേണ്ടതുണ്ട്.
5. ആദ്യ ഘട്ടത്തിൽ പദ്ധതിയുടെ നിലവിലെ അലൈൻമെന്റ് താത്കാലികമായി മാർക്ക് ചെയ്യുകയാണ് ചെയ്യുന്നത്. അതിനു ശേഷം സാങ്കേതിക അംഗീകാരം ലഭിച്ചാൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
6. സ്ഥലം ഏറ്റെടുക്കുന്നതും ഭൂമിയുടെ വില നിശ്ചയിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർണമായും LA Act നു വിധേയമായിരിക്കും.
7. ഭൂമിയുടെ തരം മാറ്റം വരുത്തുന്നതും, ബിൽഡിങ് റൂളിൽ ഇളവ് നൽകുന്നതും ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്തതിനു ശേഷം നടപ്പിൽ വരുത്തുന്നതായിരിക്കും.

**<u>തൊഴിലിനുണ്ടാകുന്ന ആഘാതം</u>**

നേരത്തെ വ്യക്തമാക്കിയതുപോലെ, ചാലിയാർ പുഴയുടെ ഇരു കരകളിലുമായിട്ടുള്ള ബേപ്പൂർ വില്ലേജിലെ 13 സർവേനമ്പറുകളിലായിട്ടുള്ള 0.35112 ഹെക്ടർ ഭൂമിയും കരുവന്തുരുത്തി വില്ലേജിലെ 15 സർവേനമ്പറുകളിലെ 0.552410 ഹെക്ടർ ഭൂമിയുമാണ്.

**<u>കരുവന്തുരുത്തി ഭാഗം</u>** - കരുവന്തുരുത്തി ഭാഗത്ത് തൊഴിലിനു നഷ്ടമുണ്ടാകുന്നത് രണ്ടുപേർക്കാണ്. അബൂബക്കർ നഹയുടെ

ഉടമസ്ഥതയിലുള്ള ഒരു ചെറിയ കട കഴിഞ്ഞ 36 വർഷമായി വാടകക്ക് നടത്തിവരുന്നത് പി.വി. മുഹമ്മദ് എന്ന വ്യക്തിയാണ്. കടയുടെ മുൻ ഭാഗത്തേക്ക് 2 മീറ്റർ അടയാളപ്പെടുത്തിയിട്ടുണ്ട്. കടയുടെ കെട്ടിടത്തെ ബാധിക്കില്ല എങ്കിലും ഇദ്ദേഹത്തിന്റെ തൊഴിലിനെ ബാധിക്കാനിടയുണ്ട്. അതുപോലെതന്നെ സമീപന റോഡ് ചാലിയം - കരുവന്തുരുത്തിയിൽ ചേരുന്ന സ്ഥലത്ത്, അബ്ദുൽ ലത്തീഫ് നടത്തുന്ന കടയുടെ ഒരു ഭാഗം പൊളിച്ചു മാറ്റേണ്ടതായി വരും. ഇത് ഇദ്ദേഹത്തിന്റെ തൊഴിലിൽനെ ബാധിക്കാനിടയുണ്ട്.

**ബേപ്പൂർ ഭാഗം** - ബേപ്പൂർ ഭാഗത്ത് മത്സ്യബന്ധന ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി കയറുന്ന സ്ഥലമാണ്. അതിനാൽ തന്നെ ഇതുമായി ബന്ധപ്പെട്ട് നേരിട്ടും അല്ലാതെയും തൊഴിൽ ചെയ്യുന്നവരുണ്ട്

ബി.സി റോഡിൽനിന്ന് കക്കാടത്ത് ഭഗവതി ക്ഷേത്ര പരിസരത്ത് കൂടി പോകുന്ന റോഡിൻറെ ഇടതു വശത്തായാണ് കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്.

**പി.എം.കോ മെറ്റൽസ്**

സ്റ്റീൽ കൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിച്ച് വരുന്ന ഈ സ്ഥാപനം കഴിഞ്ഞ 13 വർഷമായി പ്രവർത്തിച്ചുവരുന്നു.ശ്രീ പുതുക്കാട്ടിൽ മധുവിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥാപനത്തിൽ 3 പേർ ജോലി ചെയ്യുന്നു. ഉടമയുടെ തൊഴിലും നഷ്ടപ്പെടുന്നു

**ഹരിഹരമെറ്റൽസ്**



മത്സ്യ ബന്ധന ബോട്ടുകളുടെ അറ്റകുറ്റപണികൾക്കാവശ്യമായ സാധന സാമഗ്രികളും വെൽഡിങ് പണികളും നടത്തിവരുന്നു. മുൻഭാഗത്ത് ഒരു ഫ്രണ്ട് ഓഫീസ്/സെയിൽസ് കൗണ്ടറും ഉൾഭാഗത്ത് രണ്ടു മുറികളിലായി വർക്ക് ഷോപ്പും സ്ഥിതിചെയ്യുന്നു. ഈ കമ്പനിയും പൂർണമായും നഷ്ടപ്പെടാൻ സാധ്യത ഉണ്ട്. ഉടമ കൂടാതെ രണ്ടു തൊഴിലാളികളും ഇവിടെ ജോലി ചെയ്യുന്നു. ഇവരുടെ തൊഴിൽ നഷ്ടമാകും.

**<u>രാമചന്ദ്ര ബോട്ട് റിപ്പയറിങ് സെന്റർ</u>**

കഴിഞ്ഞ 30 വർഷമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനം. മത്സ്യബന്ധന ബോട്ടുകൾ അറ്റകുറ്റപണികൾക്കായി കയറ്റിവരുന്ന സ്ഥലത്തിനടുത്തായി പ്രവർത്തിക്കുന്ന സ്ഥാപനം. രാമചന്ദ്രന്റെ മകൻ രഞ്ജിത്ത് അടക്കം 3 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഇത് പൂർണമായും ഇല്ലാതാകുന്നതിനാൽ മൂന്നുപേരുടെ തൊഴിൽ നഷ്ടമാകുന്നു.

**<u>സ്റ്റേഷനറി കട + ഓയിൽ</u>**

ഏകദേശം 30 വർഷമായി നടത്തി വരുന്ന രണ്ടു മുറി കടയാണിത്. ബോട്ട് റിപ്പയറിങ് യാർഡുമായി ബന്ധപ്പെട്ട കച്ചവടമാണ് നടക്കുന്നത്. ഈ സ്ഥലം പൂർണമായും ഏറ്റെടുക്കുന്നതിനാൽ ഉടമയായ കൃഷ്ണപ്രസാദിന്റെ തൊഴിൽ നഷ്ടപ്പെടും.

**<u>ശശി ഇൻഡസ്ട്രീസ്</u>**

മത്സ്യബന്ധന ബോട്ടുകൾ, സാധാരണയായി സീസൺ കഴിയുന്നതോടെ വാർഷിക അറ്റകുറ്റപ്പണിക്കായി കയറ്റി റിപ്പയർ നടത്തുന്ന സ്ഥാപനം. ഇവിടെ 3 പേർ തൊഴിൽ ചെയ്യുന്നു. ഇത് പുഴക്കരയിലാണ്. പാലം വരുമ്പോൾ ഇത് പാലത്തിന്റെ അടിയിലായി വരുമെങ്കിലും പ്രവർത്തനത്തിന് തടസ്സമുണ്ടാകില്ല എന്ന് കരുതുന്നു. അഞ്ചുവർഷമായി നടത്തിവരുന്ന സുധീർ വെണ്ണക്കാട്ടിന്റെ ഒരു ഒറ്റമുറിയും ഈ പുഴയോരത്തുണ്ട്. ഇത് അടഞ്ഞുകിടക്കുകയാണ്. പാലം വന്നാലും ഈ റൂമിനു തകരാർ ഉണ്ടാകുന്നില്ല.

അമ്പലം റോഡിൻറെ വശത്ത് സാരമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല.

**<u>ലമ്മാർ ഇൻഡസ്ട്രീസ്</u>**

5 പങ്കാളികൾ ചേർന്ന് നടത്തുന്ന ഒരു സ്ഥാപനമാണിത്. ഈ സ്ഥാപനം നടത്തിവരുന്നത് ഹബീബ് കെ.വിയാണ്. ഇവിടെ സ്ഥിരമായി 3 ജോലിക്കാരും, പ്രത്യേകസമയങ്ങളിൽ 10 പേർ താൽക്കാലികമായും ജോലി

ചെയ്യുന്ന സ്ഥാപനം. Slotted angle rack, GI Pipe തുടങ്ങിയവ ഉപയോഗിച്ചും സ്റ്റീൽ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു വ്യവസായ സ്ഥാപനം. ഒന്നരവർഷമായി പ്രവർത്തിച്ചു വരുന്നു. സ്ഥലത്തിനുമുന്നിൽ ഏകദേശം 2 മീറ്റർ സ്ഥലം ഏറ്റെടുക്കുമെങ്കിലും സർവീസ് റോഡിൻറെ സാമീപ്യം ലഭിക്കും.

**<u>ഗോകുലം ഐെസ്പ്ലാന്റ്</u>**

രമേശൻ ബേപ്പൂരിൻറെ ഉടമസ്ഥതയിലുള്ള ഒരു ഐെസ്പ്ലാന്റാണ് ഇത്. ഈ സ്ഥാപനത്തിന് സാരമായ നാശനഷ്ടങ്ങൾ ഒന്നും സംഭവിക്കുന്നില്ല.

**<u>അരുൺ ട്രേഡേഴ്സ്</u>**

ശ്രീ രമേശന്റെ ഉടമസ്ഥതയിലുള്ള നാല് മുറികളിൽ രണ്ടെണ്ണം വാടകക്ക് എടുത്ത അരുൺ ട്രേഡേഴ്സ് എന്ന സ്ഥാപനം നടത്തിവരുന്നത് ഗിരീഷാണ്. ബോട്ട് റിപ്പയറിങ്ങുമായി ബന്ധപ്പെട്ട പെയിന്റ് കടയാണിത്. ഗിരീഷിനെ കൂടാതെ ഒരു തൊഴിലാളി കൂടിയുണ്ട്. ഈ കട പൂർണമായും ഇല്ലാതാകുന്നതോടെ രണ്ടു പേരുടെ തൊഴിൽ നഷ്ടപ്പെടും.

**<u>ടോപ് കളക്ഷൻസ്</u>**

മേൽ സൂചിപ്പിച്ച കെട്ടിടത്തിലെ ഒരു മുറിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. ഒരു വസ്ത്രവില്പന കേന്ദ്രം. ശ്രീ മഹേഷാണ് കടനടത്തുന്നത്. ഈ സ്ഥാപനം പൂർണമായും ഇല്ലാതാകും. മഹേഷിനും അദ്ദേഹത്തോടൊപ്പം ജോലി ചെയ്യുന്ന തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടും.

**<u>കെ.ബി.എന്റർപ്രൈസസ്</u>**

ശ്രീ രാജേഷ് നടത്തിവരുന്ന സ്ഥാപനം. കെട്ടിട നിർമ്മാണത്തിനോടനുബന്ധിച്ചു വാർപ്പ് പണികൾക്കാവശ്യമായ സാമഗ്രികൾ വാടകക്ക് നൽകുന്ന സ്ഥാപനമാണിത്. ഉടമ തന്നെയാണ് തൊഴിലാളി. സ്ഥാപനം നഷ്ടപ്പെടും അതുവഴി തൊഴിലും.

**<u>വരുമാനത്തിനുണ്ടാകുന്ന ആഘാതം.</u>**

തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് ബേപ്പൂർ പാലത്തിനു സമീപന റോഡുകൾക്കായി ബേപ്പൂർ, കരുവന്തുരുത്തി ഭാഗത്തുള്ള സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്.

**<u>കരുവന്തുരുത്തി ഭാഗം</u>** - നേരത്തെ വ്യക്തമാക്കിയതുപോലെ കരുവന്തുരുത്തി ഭാഗത്ത് 16 ഓളം വ്യക്തികളുടെ കൈവശങ്ങളിലായി കായ്ഫലമുള്ള 34 തെങ്ങുകളാണുള്ളത്. ഇതിൽ നിന്നുള്ള വരുമാനം ആരെയും സാരമായി ബാധിക്കുന്നില്ല. എന്നാൽ ഇവിടെ രണ്ടു കടകൾക്കു പ്രയാസം ഉണ്ടാകും. ഒരു കട പുഴക്കരയിലേക്കു പോകുന്ന വഴിക്കും, രണ്ടാമത്തേത് ചാലിയം-കരുവന്തുരുത്തി റോഡിൽ, സമീപന റോഡ് എത്തിച്ചേരുന്ന സ്ഥലത്തുമാണ്. തുരുത്തി ഭാഗത്ത് ഈ രണ്ടുപേരുടെ വരുമാനത്തിന് ആഘാതമുണ്ടാക്കും.

**<u>ബേപ്പൂർ ഭാഗം</u>** - ബേപ്പൂർ ഭാഗത്ത്, മത്സ്യബന്ധന ബോട്ടുകളുടെ അറ്റകുറ്റപ്പണി നടത്തുന്ന പ്രധാന കേന്ദ്രമാണ്. അതിനാൽത്തന്നെ ഈ കേന്ദ്രത്തെ ആശ്രയിച്ച് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലിൽ ഏർപ്പെടുന്നവരുണ്ട്. ഇവിടെ 7 വ്യവസായ സ്ഥാപനങ്ങളും രണ്ടു സ്റ്റേഷനറി കടകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ നടത്തിപ്പുകാരും ജീവനക്കാരുമായി 31 പേർ ജോലിചെയ്തു വരുന്നതായി നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഇവരുടെ വരുമാനത്തിന് ആഘാതമുണ്ടാകും. ഇവരുടെ മാത്രം വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങൾക്കും പ്രയാസമുണ്ടാകും.



**<u>പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം</u>**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന ബേപ്പൂർ വില്ലേജ് ഭാഗത്ത് ബേപ്പൂർ മൃഗാശുപത്രി സ്ഥിതി ചെയ്യുന്നു. ആശുപത്രിയുടെ മുൻഭാഗത്തെ ഗേറ്റ് മുതൽ ഏകദേശം 30 മീറ്റർ നീളത്തിൽ 2 മീറ്റർ വീതിയിൽ സ്ഥലം നഷ്ടപ്പെടും. അതുപോലെ തന്നെ പഴയ ആശുപത്രിയുടെ ഭാഗമായ, ഉപയോഗശൂന്യമായ ലാബ് കെട്ടിടം പൊളിക്കേണ്ടിവരും.

പൊതു ഇടങ്ങൾ എന്ന നിർവചനത്തിൽ ഉൾപെടുന്നില്ലെങ്കിലും തുരുത്തി ഭാഗത്തുള്ളതും പുഴക്കരയിൽ തന്നെ ഉള്ളതുമായ അഫ്സൽ എന്ന കോയയുടെ മൂന്നുമുറികളുള്ള ഒരു ലൈൻ, റിജിത്ത്, ഹക്കീം, അബ്ദുല്ല വെമ്മരത്ത്, മുഹമ്മദ് കോയ, ജംഷീർ പടന്നക്കോട്, അബ്ദുൽ ഗഫൂർ വരഡാക്കിൽ, കുഞ്ഞുമുഹമ്മദ് കോയ എന്നിവരുടെ വീടുകൾ നഷ്ടപ്പെടും.

ബേപ്പൂർ ഭാഗത്ത് പുതുക്കാട്ടിൽ മധു, ബൈജു എന്നിവരുടെ വീടുകളും, ബി.സി.റോഡിനോട് ചേർന്നുള്ള രണ്ടു മുറികളും, മധുവിന്റെ പി.എം.കോ മെറ്റൽസ് എന്ന സ്ഥാപനവും, രാമചന്ദ്ര ബോട്ട് റിപ്പയറിങ് സെന്റർ, കൃഷ്ണപ്രസാദിന്റെ സ്റ്റേഷനറി കട, അരുൺ ട്രേഡേഴ്സ്, ടോപ് കളക്ഷൻസ്, കെ.ബി. എന്റർപ്രൈസസ് എന്നിവ നഷ്ടപ്പെടുന്നു.

## <u>പാരിസ്ഥിതിക ആഘാതം</u>

തീരദേശ ഹൈവേയുടെ ഭാഗമായി ചാലിയാർ പുഴക്ക് കുറുകെ ബേപ്പൂർ പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ച സമീപന റോഡുകൾക്കായി പുഴയുടെ ഇരുവശത്തുമുള്ള ബേപ്പൂർ, കരുവന്തുരുത്തി വില്ലേജുകളിലെ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. പുഴയുടെ ഇരുഭാഗത്താണെങ്കിലും, ബേപ്പൂർ ഭാഗം മത്സ്യബന്ധന ബോട്ടുകളുടെ അറ്റകുറ്റപണിയുമായി ചേർന്ന് നിൽക്കുന്ന ചെറിയ തരത്തിലുള്ള വ്യവസായ മേഖലയും, കരുവന്തുരുത്തി ജനവാസകേന്ദ്രവുമാണ്. അതിനാൽ തന്നെ പരിസ്ഥിതികമായി ഈ സ്ഥലമേറ്റെടുപ്പ് യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല. മഴക്കാലത്ത് പൊതുവെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശമാണ് കരുവന്തുരുത്തി. ചാലിയാറിൽ കൂടുതൽ പാലങ്ങൾ ഉണ്ടാകുന്നത് ഒഴുക്കിനെ സാരമായി ബാധിക്കാനിടയുണ്ടെന്നും, നിലവിലുള്ള വെള്ളപ്പൊക്ക ഭീഷണി വർദ്ധിക്കാനിടയുണ്ടെന്നും നാട്ടുകാർ ഭയപ്പെടുന്നു.

ഈ സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ടു കരുവന്തുരുത്തി ഭാഗത്ത് 8 പേർക്ക് വീട് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ബേപ്പൂർ ഭാഗത്താണെങ്കിൽ 2 വീടും, 7 പേരുടെ വ്യവസായ സ്ഥാപനങ്ങളും രണ്ടു കടകളും നഷ്ടപെടാനിടയുണ്ട്. അതുപോലെതന്നെ നേരിട്ട് തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. സമീപന റോഡുകൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ തൊഴിലിനു ആഘാതമുണ്ടാകും, വരുമാനത്തിന് ആഘാതമുണ്ടാകും, സർക്കാർ ഉടമസ്ഥതയിലുള്ള മൃഗാശുപത്രിയുടെ സ്ഥലവും ചെറിയ ഒരു മുറിയും നഷ്ടപ്പെടാം. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് നിയമപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. എന്നാൽ പ്രത്യേക പാക്കേജിൽ ധനസഹായം ലഭിക്കുന്ന വ്യക്തികൾ എന്ന നിലയിൽ പുതിയ മേഖലയിൽ സ്ഥലം വാങ്ങാനായി ചെല്ലുമ്പോൾ, സാധാരണ നടപ്പിലുള്ള വിലയേക്കാൾ അധികം വില നൽകേണ്ടിവരുമെന്നു ഇവിടുത്തുകാർ ഭയപ്പെടുന്നു. അതിനാൽ തന്നെ ന്യായമായ നഷ്ടപരിഹാരം ലഭിച്ചാലും ആയതുകൊണ്ട് സ്ഥലം വാങ്ങി വീട് വെക്കാൻ സാധിക്കാതെ വരും. അതുപോലെതന്നെ പുതിയ പുനരധിവാസ മേഖലയിലേക്ക് പോകുമ്പോൾ, ചാലിയാർ പുഴയെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് എറെ പ്രയാസം അനുഭവപ്പെടും. അതിനാൽ

സർക്കാർ തന്നെ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു, വീടും സ്ഥലവും നഷ്ടപ്പെടാൻ ഇടയുള്ളവർക്കായി പുനരധിവാസത്തിനായി സാധിക്കുമെങ്കിൽ ഈ പരിസരത്തുതന്നെ സ്ഥലം ഏറ്റെടുത്തു നൽകുകയാണെങ്കിൽ, ലഭിക്കുന്ന തുക കൊണ്ട് അവർക്ക് വീട് നിർമ്മിക്കാനും, ചാലിയാറിനെ ആശ്രയിച്ചു ജീവിതം മുന്നോട്ടു കൊണ്ടുപോകാനും സാധിക്കും.

എന്നാലും കേരളത്തിലെ 9 തീരദേശ ജില്ലകളെയും, അവിടുത്തെ മത്സ്യബന്ധന തുറമുഖങ്ങളെയും, തീരദേശത്തുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതും, ഏറെ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത് പദ്ധതി ആയതുകൊണ്ടുതന്നെ, ഭൂവുടമകളുടെയും താമസക്കാരുടെയും പ്രശ്നങ്ങളും പ്രയാസങ്ങളും അനുഭാവപൂർവം പരിഗണിച്ച്, പരിഹരിച്ചു മുന്നോട്ടു പോകാവുന്നതാണ്.

23.01.2021

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്, കണ്ണൂർ